<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260**</u> <u>**16-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**വിരമിച്ച അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിരമിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | വിരമിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ, ക്ഷേമനിധി അംഗങ്ങൾ ഒടുക്കുന്ന ക്ഷേമനിധി വിഹിതവും അതിന്റെ പലിശയും ചേർത്ത ക്ഷേമനിധി ആനുകൂല്യം, ഗ്രാറ്റുവിറ്റി എന്നിവ നൽകി വരുന്നു. |
| (ബി) | കഴിഞ്ഞ വർഷം വിരമിച്ച അംഗൻവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; കാരണം വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷം വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. അങ്കണവാടി ക്ഷേമനിധി ബോർഡിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിട്ടത്. എന്നാൽ ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ഇനത്തിൽ 6,71,38,363/- രൂപ അനുവദിച്ചതിനെ തുടർന്ന് ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരികയാണ്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | കഴിഞ്ഞ വർഷം വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. അങ്കണവാടി ക്ഷേമനിധി ബോർഡിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിട്ടത്. എന്നാൽ ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ഇനത്തിൽ 6,71,38,363/- രൂപ അനുവദിച്ചതിനെ തുടർന്ന് ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരികയാണ്. |

സെക്ഷൻ ഓഫീസർ